

# ഭീകരൻ

(എയ്ഡ്സ് എന്ന മാരക രോഗത്തെക്കുറിച്ച്
കുട്ടികൾക്ക് അറിവ് നൽകുന്ന കഥ)

എം. വി. മാത്യു

ഒരു ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം.
കുട്ടികളുടെ അറിവിനായി പ്രസിദ്ധീകരിക്കുന്നു.
വിതരണം–കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്
പായം–670704 ഫോൺ 0490.491475

# BHEEKARAN

(Malayalam)

Author

**M. V. MATHEW**

Published by

Indian Social Institute
24 Benson Road-Banglore -560046

Prize: Rs. 3/-

Copies
10000Nos.

Please make a small contribution to enable us to bring out many more such value education books. You can make an offering through the "Buy Now" link in our Website.
Thank you.

Distribution by:

Consumer News Book Club,
Edoor-Payam P. O. 670704

*printed at*

*SAMMANAM PRINTERS*
*Edoor-Payam 670704*

# അദ്ധ്യായം 1

മനോഹരമായ ഗ്രാമം. എവിടെയും പച്ചപ്പുകൾ. ഗ്രാമത്തിന്റെ അതിരിലൂടെ മന്ദമായി ഒഴുകുന്ന പുഴ. ഒരു വശത്ത് മലകൾ. തെങ്ങും, നെല്ലും, കമുകും നന്നായി വളരുന്ന ഗ്രാമം.

ശാന്തിയിലും സമാധാനത്തിലും കേന്ദ്രീകൃതമായ ഗ്രാമം. യാതൊരു വഴക്കുമില്ല. കുടിയേററ കർഷകർ തിങ്ങിപ്പാർക്കുന്നു. ഗ്രാമത്തിന്റെ നടുവിൽ ക്രിസ്ത്യൻ പള്ളി. ഗ്രാമകവാടത്തിൽ വളരെ വർഷങ്ങളായി നിലകൊള്ളുന്ന ദേവീക്ഷേത്രം. പുഴയുടെ കരയിൽ പോസ്റ്റ്-ഓഫീസും. കർഷകർ, വ്യവസായങ്ങളില്ല. വലിയ മാളികകളൊന്നുമില്ല. രാവിലെ പട്ടണത്തിലേക്ക് പോകുകയും വൈകിട്ട് മടങ്ങിയെത്തുകയും ചെയ്യുന്ന ഒരൊററ ബസ്സ് മാത്രം.

ഗ്രാമ ദേവാലയത്തോട് ചേർന്ന് യു. പി. സ്കൂൾ. ആ ഗ്രാമത്തിലെ വിദ്യാർത്ഥികളെല്ലാവരും അവിടെയാണ് പഠിക്കുന്നത്.

ടോമിയും, രാജുവും, കൂട്ടുകാരാണ്. അയൽപക്കക്കാരും. ഏഴാം ക്ലാസ്സിൽ ടോമിയും രാജുവും പഠിക്കുന്നു. രണ്ടുപേരും പഠിത്തത്തിൽ മിടുക്കർ.

ടോമിയുടെ പപ്പ ഫോറിനിലാണ്. വിദേശത്തു നിന്നും ടോമിയുടെ പപ്പ വരുമ്പോൾ പലതരം സാധനങ്ങൾ കൊണ്ടുവരും. ടോമിയുടെ ഇളയത് റോണിമോൾ. റോണിമോൾക്ക് ആറുവയസ്സ് പ്രായം. ടോമിയുടെ മമ്മി വീട്ടിൽ മക്കളെ നോക്കി കഴിയുന്നു. ടോമിയുടെ വല്യമ്മച്ചിയും കൂട്ടിനുണ്ട്.

ടോമിക്ക് രാജു കൂടാതെ നസീർ, തോമസ്, ബാബു, രാജൻ എന്നിവരാണ് ആത്മാർത്ഥ കൂട്ടുകാർ. ടോമി എല്ലാവരുമായി സ്നേഹത്തിലാണ്. ടോമി ക്ലാസ്സ് ലീ

ധരാണ് പപ്പ ഫോറിനിലായതിനാൽ അദ്ധ്യാപകർക്ക് ടോമിയോട് പ്രത്യേകമായ താൽപ്പര്യമാണ്.

ടോമിയാണ് സാധനങ്ങൾ വാങ്ങുവാൻ കടയിൽ പോകുന്നത്. പോസ്റ്റാഫീസിലും, റേഷൻഷോപ്പിലുമൊക്കെ അവനാണ് പോകുന്നത്. അതിനാൽ ടോമിയെ എല്ലാവർക്കും പരിചയമാണ്. അവൻ എല്ലാവരോടും ബഹുമാനവും,സ്നേഹവും കാണിക്കും.

മതപരമായ പഠനത്തിലും അനുഷ്ഠാനത്തിലും ടോമി മുൻപന്തിയിലാണ്. ടോമിയുടെ അഹങ്കാരമില്ലായ്മയും എളിമയും, ആരെയും എപ്പോഴും സഹായിക്കാനുള്ള സന്നദ്ധതയും എല്ലാവരിലും മതിപ്പുളവാക്കിയിരുന്നു. മമ്മി ലില്ലിക്ക് അവനെപ്പററി അഭിമാനമാണ്.

ടോമിയുടെ പപ്പ വരുമ്പോൾ കൊടുക്കുന്ന തുകകൾ അവൻ സൂക്ഷിച്ചുവെച്ച് പാവപ്പെട്ട രോഗികൾക്ക് നൽകും. കൂട്ടുകാർ സിനിമ കാണുവാൻ ക്ഷണിച്ചാലും അവൻ പോകാറില്ല. അവൻ മമ്മിയോടും,വല്യമ്മയോടും,റോണിമോളോടും ഒപ്പം മാത്രമേ പോകുമായിരുന്നുള്ളൂ.

ടോമിയും,രാജുവും,തോമസും സ്കൂൾമത്സരങ്ങളിൽ വിജയികളായിരുന്നു. പ്രസംഗത്തിനും, ഓട്ടത്തിനും, ചാട്ടത്തിനും അവരിലാർക്കെങ്കിലുമായിരിക്കും സമ്മാനം.

ടോമിയുടെ പപ്പ നാട്ടിൽ വന്നുപോയിട്ട് രണ്ടുവർഷമായി. കഴിഞ്ഞ പ്രാവശ്യം പപ്പ വന്നപ്പോൾ എന്തു സന്തോഷമായിരുന്നു. പപ്പയോടൊപ്പം കോവളവും,തേക്കടിയും കാണാൻ പോയി. മമ്മിക്കും റോണിമോൾക്കും ചിററപ്പനും, കുഞ്ഞമ്മക്കും എല്ലാവർക്കും മുന്തിയതരം തുണിത്തരങ്ങൾ കൊണ്ടുവന്നിരുന്നു. റോണിമോൾക്ക് ബാററി കൊണ്ടോടുന്ന കാർ, ടി. വി. വാഷിംഗ് മെഷീൻ, ഫ്രിഡ്ജ് എല്ലാം വാങ്ങി. വീടും

പണിതിട്ടാണ് പപ്പ തിരിച്ചു പോയത്.

ഗ്രാമത്തിലെ സ്കൂളിൽ കുട്ടികൾക്ക് കുടിക്കുവാൻ വെള്ളം ശേഖരിക്കുവാൻ വാട്ടർടാങ്ക് പണിതു. വാട്ടർ ടാങ്കിൽ നിന്നും പൈപ്പുകളും–പപ്പയുടെ സംഭാവനയായിരുന്നു. അന്നുകൂടിയ മീററിംഗ് ടോമിയുടെ മനസ്സിൽ ഇപ്പോഴുമുണ്ട്. പപ്പയുടെ ഔദാര്യശീലത്തെ, കുട്ടികളോടുള്ള സഹാനുഭൂതിയെ സ്ഥലം എം. എൽ. എ. പഞ്ചായത്ത് പ്രസിഡൻറ് തുടങ്ങിയ പൗരമുഖ്യർ പ്രശംസിച്ചു. വാട്ടർ ടാങ്കിൽ പപ്പയുടെ–റോബർട്ടിൻെറ–സംഭാവനയെന്ന് എഴുതിയും വെച്ചു.

ഗ്രാമത്തിലെ മഹിളാ സമാജത്തിൻെറ പ്രസിഡൻറാണ് ലില്ലി. റോബർട്ടിൻെറ ഭാര്യ ആയതിനാൽ ടോമിയുടെ അമ്മക്ക് സന്തോഷം. ഗ്രാമത്തിലെ മഹിളാസമാജം കെട്ടിടമുണ്ടാക്കുന്നതിനും റോബർട്ട് ഭാര്യയുടെ നിർബന്ധ പ്രകാരം കാര്യമായ തുക സംഭാവനചെയ്യുകയുണ്ടായി. ഗ്രാമത്തിലെ മററു സ്ത്രീകളുടെ മുമ്പിൽ ലില്ലി വിനീതയാണ്. ആർക്കും എന്തു സഹായവും നല്കുവാൻ മടിയില്ല ദിവസവും ദേവാലയത്തിൽ മക്കളോടൊപ്പം ആരാധനയിൽ പങ്കെടുക്കുവാൻ ലില്ലി ഉത്സാഹവതിയാണ്.

റോബർട്ട് ദുബായിൽ പോയിട്ട് രണ്ടുവർഷമാകുന്നു. തിരിച്ചുവരുവാൻ മൂന്നുനാലുമാസം മാത്രം. ടോമി കൂട്ടുകാരോടെല്ലാം പറഞ്ഞു 'നാലുമാസംകൂടി കഴിഞ്ഞാൽ പപ്പ വരും. ടോമിയോടെല്ലാവരും പേനയും, റബ്ബറും മററു സാധനങ്ങളും നേരത്തെ ബുക്ക് ചെയ്തു.

അന്ന് സ്കൂൾ വിട്ട് വീട്ടിലെത്തിയപ്പോൾ ലില്ലിയുടെ മുഖത്ത് ദുഃഖം കണ്ട് ടോമി ചോദിച്ചു. എന്ത മമ്മീ വല്ലാതെ ഇരിക്കുന്നെ തല വേദനയാണോ?

ലില്ലി പറഞ്ഞു-മോൻ കാപ്പി കുടിക്ക്-പപ്പക്ക് സുഖമില്ല എന്നു കത്തുവന്നു. തിരിച്ചുവരികയാണത്രെ."

'അമ്മച്ചീ-പപ്പയെക്കാണാമല്ലോ-'' റോണിമോൾക്ക് സന്തോഷം; ടോമിയുടെയും ഉള്ളിൽ സന്തോഷമുണ്ടെങ്കിലും പപ്പക്ക് സുഖമില്ല' എന്ന വിവരം അവനെ ദുഃഖിപ്പിച്ചു.

''എന്താസുഖമാണമ്മേ-എന്തെങ്കിലും വിവരം കത്തിലുണ്ടോ'

'മോനെ ഒരു വിവരവുമില്ല. ഇവിടെ വന്നു ചികിത്സിച്ചാൽ വേഗം ഭേദമാകുമെന്നു കത്തിൽ എഴുതിയിട്ടുണ്ട്''

'നമുക്ക് ശനിയാഴ്ച പപ്പക്ക് ഫോൺ ചെയ്യാം മമ്മീ-' അങ്കിളിന്റെ അടുത്ത് ഞാൻ പോകാം' ടോമി പറഞ്ഞു.

'ഞാനിന്ന് കളിക്കാൻ പോണില്ല'

'ഇല്ല മമ്മീ'-പപ്പയുടെ വിവരം അറിഞ്ഞിട്ട് എന്തോ വിഷമം പോലെ,

ടോമി റോണി മോളെയും കൂട്ടി മുറ്റത്തേക്കിറങ്ങിയപ്പോൾ ബില്ലിന്റെ ശബ്ദം കേട്ടു. ''അതാ അങ്കിൾ വരുന്നു. ടോമിയും റോണിയും ബില്ലിയുടെ അടുത്തേക്കോടി, 'ഞങ്ങളെങ്കിലും ഉണ്ട് മമ്മി' ടോമി വിളിച്ചു പറഞ്ഞു.

ബില്ലിയുടെ വീട് മുന്നൂറ് കി. മീ. അകലെയാണ് ബില്ലിയുടെ അമ്മ കോട്ടയത്ത് താമസിക്കുന്നു.

'അങ്കിൾ-റോബർട്ട്പ്പയ്ക്കെന്തോ സുഖമില്ലെന്ന് കത്തു വന്നു. ഞാനും ടോമിയും ശനിയാഴ്ച ചേട്ടന്റെ അടുത്ത് വരാനിരിക്കുകയായിരുന്നു

'ജോസ് ഫോൺ വിളിച്ചു. അപ്പോൾ സുഖമില്ലാത്തതും ഉടൻ വരുന്നു എന്നും പറഞ്ഞു. വിവരം അറിയാൻ

ഞങ്ങൾ വന്നതാ–നിനക്കെന്തെങ്കിലും വിവരം ഉണ്ടോ'? അമ്മച്ചി ഒററശ്വാസത്തിൽ ചോദിച്ചു.

'ഒരു വിവരവുമില്ല–കത്തുവന്നതുമാത്രം' ലില്ലി അമ്മച്ചിയോടു പറഞ്ഞു.

തിരക്കുണ്ടെന്ന് പറഞ്ഞ് ജോസ് മടങ്ങി. അമ്മച്ചി രണ്ടു ദിവസം ലില്ലിയോടൊപ്പം താമസിക്കുവാൻ തീരുമാനിച്ചു.

'എന്താ നിങ്ങൾ എല്ലാവരും കൂടി ഇവിടെ ഒരു ആലോചന' റോബർട്ടിന്റെ അമ്മയും അവിടെയെത്തി. വാചേച്ചിയെ–ലില്ലിയുടെ അമ്മയെ അവർ വിളിക്കുന്നത അങ്ങനെയാണ്–എത്ര നാളായി കണ്ടിട്ട്. വല്ലതും ഒക്കെ പറഞ്ഞാലല്ലേ ''ചെറുക്കനെന്തോ അസുഖമാണെന്ന് കത്തു വന്നു എന്നു പറഞ്ഞു.'' എന്റെ മാതാവേ മോന് അസുഖമൊന്നും വരുത്തരുതേ. അവർ പ്രാർത്ഥിച്ചു.

റ്റോമി രാവിലെ സ്കൂളിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ രാജുവിനോട് വിവരം പറഞ്ഞു. രാജുവിനും സങ്കടമായി. തോമസും,അനിലും,ആലീസും,റാണിയും എല്ലാവരും റ്റോമിയുടെ പപ്പക്ക് രോഗമാണെന്നും വിദേശത്തുനിന്നും കത്തു വന്നു എന്നും അറിഞ്ഞു.

ഇന്റർവെൽ സമയത്ത് ഹെഡ്മാസ്റ്ററും റ്റോമിയെ വിളിച്ച് അന്വേഷിച്ചു. എല്ലാവർക്കും സങ്കടം. വൈകുന്നേരം ആയപ്പോഴേക്കും ഗ്രാമം മുഴുവൻവിവരമറിഞ്ഞു ലില്ലിക്ക് സമാധാനമില്ല. എല്ലാവരും അന്വേഷിക്കുന്നു. പലരും സഹതാപം അറിയിക്കുന്നു.

## അദ്ധ്യായം 2

രാത്രിയിൽ പട്ടിയുടെ കുരയും, വാഹനത്തിന്റെ ഹോണും കേട്ടാണ് ലില്ലി ഉണർന്നത്. റ്റോമിയും വല്ല്യ

അച്ചിമാരും ഉണർന്നു. ജനലിലൂടെ നോക്കിയ 'ലില്ലി' റോബർട്ടിന്റെ വിളി കേട്ടു. കാറിന്റെ ഹോണും. ഡ്രൈവർ വിളിക്കുന്നതും കേട്ടു.

സാധാരണ പെട്ടെന്ന് ഡോർ തുറന്നു പുറത്തിറങ്ങാറുള്ള റോബർട്ട് പുറത്തിറങ്ങിയിട്ടില്ല. ലില്ലി കരഞ്ഞു കൊണ്ട് ഓടിയെത്തി.

'നീ എന്തിനാ കരയുന്നേ'- ചെറിയൊരു ക്ഷീണം മാത്രം. നീ ഒന്നു പിടിച്ചേ-ലില്ലിയും ഡ്രൈവറും പിടിച്ചു റോബർട്ടിനെ പുറത്തിറക്കി. റോബർട്ട് നന്നേ ക്ഷീണിച്ചിരിക്കുന്നു. നാട്ടിൽ നിന്നു പോയതിന്റെ പകുതിമാത്രം.

'എന്താടാ മോനെ പററിയത്? 'അമ്മച്ചിമാർ.

'ചെറിയൊരു പനി-തലകറക്കവും' സാരമില്ല. ഇവിടെ ചികിത്സിച്ചാൽ അപ്പോൾ തന്നെ മാറും പിന്നെ നിങ്ങളുടെ ശുശ്രൂഷയും നല്ല ഭക്ഷണവും.' റോബർട്ട് പറഞ്ഞു.

ഭക്ഷണം കഴിക്കാനിരുന്ന റോബർട്ടിന് ഒന്നും കഴിക്കാനായില്ല. രാവിലെ ആസ്പത്രിയിൽ പോകാമെന്ന് തീരുമാനിച്ചു.

## അദ്ധ്യായം 3

പട്ടണത്തിലെ വലിയ ആസ്പത്രി-എല്ലാ വിധ രോഗങ്ങൾക്കും അത്യാധുനികമായ ചികിത്സാ രീതികൾ. ലബോറട്ടറി, എക്സറേ, അതിനൂതനമായ സ്കാനിങ്ങ് സൗകര്യങ്ങൾ എല്ലാമുണ്ട്.

റോബർട്ടിനെ പരിശോധിച്ച ഡോക്ടർ, രക്തവും. പരിശോധിക്കുന്നതിന് ആവശ്യപ്പെട്ടു.

റോബർട്ട് അസ്വസ്ഥനായിരുന്നു. ആരോടും ഒന്നും മിണ്ടുന്നില്ല. അളിയൻ ജോസ് തമാശകൾ പറയുന്നുണ്ടെങ്കിലും റോബർട്ടിന്റെ മനസ്സിൽ അതൊന്നും പതിയുന്നില്ല.

രക്തത്തിന്റെ പരിശോധനാഫലം കിട്ടിയ ഡോക്ടറുടെ നെററി ചുളിഞ്ഞു. മററു ഡോക്ടർമാരുമായി സംസാരിച്ചു. റോബർട്ടിനെ ഒററക്ക് വിളിച്ചു സംസാരിച്ചു. കൂടുതൽ പരിശോധന ആവശ്യപ്പെട്ടു.

റോബർട്ടിനെ ഇന്ത്യയിലെ പ്രധാന ഹോസ്പിററലുകളിലൊന്നായ വെല്ലൂർ മെഡിക്കൽ മിഷൻ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. റോബർട്ടിന് വേണ്ടി എല്ലാവരും പ്രാർത്ഥിച്ചു. ആർക്കും ഒരു ദ്രോഹവും റോബർട്ട് ചെയ്തിട്ടില്ല. അദ്ദേഹത്തിന് അസുഖം ഉണ്ടായതിൽ എല്ലാവർക്കും വിഷമം.

## അദ്ധ്യായം 4

ഒരു പററം ആൾക്കാർ സ്കൂളിലേക്ക് വരുന്നതു കണ്ട് അദ്ധ്യാപകരും വിദ്യാർത്ഥികളും ശ്രദ്ധിച്ചു. അവർ ഹെഡ്മാസ്റ്ററുടെ റൂമിൽ നിന്നും രാജുവിന്റെ ക്ലാസിലേക്കാണ് വന്നത്. രാജുവും, തോമസും, ആലീസും എല്ലാവരും കേൾക്കെ ടോമി പഠിക്കുന്ന ക്ലാസ്സാണ് അവർ അന്വേഷിച്ചത്. ടോമി രണ്ടാഴ്ചയായി ക്ലാസ്സിൽ വരുന്നില്ല എന്ന് ഹെഡ്മാസ്റ്ററും ക്ലാസ്സ് ടീച്ചറും അറിയിച്ചു.

വന്നിരുന്നവരിൽ ചിലർ ഹെഡ്മാസ്റ്ററെ മാററി നിർത്തി സംസാരിച്ചു. റോബർട്ട് മരിച്ചു. റോബർട്ടിന് 'എയ്ഡ്സ്' രോഗമായിരുന്നു. ആയതിനാൽ കുട്ടിയെ സ്കൂളിൽ പഠിപ്പിച്ചുകൂടാ. കൂടാതെ ക്ലാസ്സിലെ ബെഞ്ചും ഡസ്കും ഫർണിച്ചറും എല്ലാം കത്തിക്കണം.

ഹെഡ്മാസ്റ്ററും, ക്ലാസ്സ് ടീച്ചറും എതിർത്തു. ജനങ്ങൾ കൂടി വരികയായിരുന്നു. ബെല്ലടിച്ചു. കുട്ടികളെ വീട്ടിൽ വിട്ടു. രക്ഷിതാക്കൾ ടോമി പഠിച്ച ക്ലാസ്സ് റൂമിലെ എല്ലാ സാധനങ്ങളും കത്തിച്ചു.

റോബർട്ടിന്റെ വീട്ടുകാരുമായി ആരും സംസാരിക്കരുതെന്നും ടോമിയെ സ്കൂളിൽ പഠിപ്പിക്കരുതെന്നും തീരുമാനിച്ചു. ടോമിയെ പഠിപ്പിച്ചാൽ മററു കുട്ടികൾക്കും എയ്ഡ്സ് രോഗം പകരും!

# അദ്ധ്യായം 5

രാജുവിന്റെ അച്ഛൻ വൈദ്യുതി ബോർഡ് എൻജിനിയറാണ് അമ്മ ഗവൺമെന്റ് ആസ്പത്രിയിൽ നേഴ്സും. രാജുവിന്റെ ദുഃഖത്തിനതിരില്ലായിരുന്നു. എന്താണ് തന്റെ കൂട്ടുകാരനു പററിയത്. എന്താണ് 'എയ്ഡ്സ്' എന്തിനാണ് ഡസ്കും ബെഞ്ചും കത്തിച്ചത്. രാജു കൂട്ടുകാരോടു ചോദിച്ചു. തോമസിനും വേണുവിനും ആർക്കു അറിഞ്ഞുകൂടാ എയ്ഡ്സിന് മാത്രം മരുന്നില്ലാത്തത് എന്താണ്. ക്ലാസ്സിൽ കുട്ടികൾ പരസ്പരം ചോദിച്ചു. പക്ഷേ ആർക്കും അറിഞ്ഞുകൂടാ.

ക്ലാസ്സ് ടീച്ചറോട് ചോദിക്കാനാഗ്രഹമുണ്ടെങ്കിലും തല്ല് പേടിച്ച് ചോദിച്ചില്ല. ടീച്ചറും അരിശത്തിലും സങ്കടത്തിലുമാണ്.

'രാജുവിന്റെ അമ്മ ആസ്പത്രിയിലല്ലേ നമുക്ക് രാജിച്ചേച്ചിയോട് ചോദിക്കാം.' തോമസ് പറഞ്ഞു.

എടാ ഞാൻ പറഞ്ഞിട്ടാണെന്ന് പറഞ്ഞ് അമ്മ വഴക്കുണ്ടാക്കും. നമുക്ക് മററാരോടെങ്കിലും ചോദിക്കാം രാജു പറഞ്ഞു.

ഇല്ല രാജിചേച്ചിയോട് തന്നെ ചോദിച്ചാൽ മതി. ചേച്ചി സർക്കാർ ആസ്പത്രിയിലെ നേഴ്സുമാണല്ലോ. ആയതിനാൽ തീർച്ചയായും വിവരവും അറിയാം.

പിറേറദിവസം വേണുവും, തോമസും, പീററും, രാജുവിൻെറ നേതൃത്വത്തിൽ കുട്ടികൾ രാജിയുടെ വീട്ടിലെത്തി.

'എന്താടാ നീ ഇന്നു സ്കൂളിൽ പോയില്ലേ. എന്താ എല്ലാവരും കൂടി.'

'അമ്മേ വേണുവിന് അമ്മയോടെന്തോ ചോദിക്കാനുണ്ട്. അവർ എന്നെയും കൂട്ടിക്കൊണ്ട് അമ്മയുടെ അടുത്തുവന്നതാ'

'എന്താ മക്കളെ-നിങ്ങൾക്ക് അറിയേണ്ടത്'' എന്താ എല്ലാവരുടെയും മുഖം വാടിയിരിക്കുന്നല്ലോ'

'ചേച്ചി, വേണു ആരംഭിച്ചു. ഞങ്ങളെ കളിയാക്കരുത്-തല്ലുകയുമരുത്. ഞങ്ങളുടെ സംശയം ചോദിക്കാൻ ആരെയും കാണാത്തതുകൊണ്ടാണ് ചേച്ചിയുടെ അടുത്ത് വന്നത്.

'ഇല്ല ഒരു പ്രശ്നവുമില്ല. എന്താണ് നിങ്ങളുടെ സംശയം-പറയൂ. മോനെ ഇവർക്കെല്ലാം ഇരിക്കാൻ സ്ഥലം കൊടുത്തേ'' രാജി പറഞ്ഞു.

''ഞങ്ങളുടെ ക്ലാസ്സിലെ ഒരു കുട്ടിയുടെ അച്ഛൻ മരിച്ചു. ഞങ്ങളുടെ ക്ലാസ്സിലെ ബെഞ്ചും ഡസ്കും എല്ലാം കത്തിച്ചു. ഞങ്ങൾ ടോമിയോടൊപ്പം നടന്നപ്പോൾ ധരിച്ച വസ്ത്രങ്ങളും കത്തിച്ചു. ടോമിയെ സ്കൂളിൽ പഠിപ്പിക്കരുതെന്നും പറയുന്നു. എന്താണ് ചേച്ചി ഇതിനുകാരണം. ഇതെന്തു രോഗമാണ് ചേച്ചി' വേണു ഒററ ശ്വാസത്തിൽ പറഞ്ഞു.

ശ്ശോ മക്കളുടെ സംശയംകൊള്ളാമല്ലോ-എന്തായാലും ആരും പറഞ്ഞുതരാത്ത സ്ഥിതിക്ക് ഞാൻ പറ

ഞ്ഞു തരാം. ഒരു ഗവൺമെൻറ് നേഴ്സ് എന്ന രീതിയിൽ എൻെറ കടമയുമാണത്-' രാജി പറഞ്ഞു.

'ഇന്നലെ എൻെറ അമ്മ ലില്ലിച്ചേച്ചി തന്ന സാരിയും ബ്ലൗസും എൻെറ ഉടുപ്പും കത്തിച്ചു കളഞ്ഞു.' ആലീസ് ഏങ്ങലടിച്ചു.

'എൻെറ പേന പപ്പ വാങ്ങി-ടോമി തന്നതായതിനാൽ അതും കത്തിച്ചു.' രവിയുടെ പരാതി.

'അയ്യോ—ഇതെന്താ ഞാനികേൾക്കണത്-രാജി പറഞ്ഞു ഇതിൻെറയൊന്നും ആവശ്യമില്ല.'

ആദ്യം എയ്ഡ്സ് രോഗത്തെക്കുറിച്ച് പറയാം എല്ലാവരും ശ്രദ്ധിക്കണം.

'ഇന്ന് നമ്മുടെ ലോകത്തുള്ള രോഗങ്ങളിൽ ഏററവും മാരകമായ, ഏററവും ഭീകരമായ രോഗമാണ് 'എയ്ഡ്സ്',

'ഭീകരമെന്ന് പറയുവാൻ കാരണം—എയ്ഡ്സിന് മരുന്ന് കണ്ടുപിടിച്ചിട്ടില്ല. എയ്ഡ്സ് ഉണ്ടായാൽ ആൾ മരിക്കും എന്നത് തീർച്ചയാണ്. 'യാതൊരുമരുന്നുമില്ല'.

'ഈ രോഗം മനുഷ്യൻെറ രോഗ പ്രതിരോധ ശക്തിയെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. എയ്ഡ്സ് രോഗം മഞ്ഞപിത്തമോ, ക്ഷയമോ, പനിയോ, വയറിളക്കമോ മൂലമാകാം മരണം' എയ്ഡ്സ് രോഗികൾക്ക് ഈ രോഗമെല്ലാം ഉണ്ടാകാം.

'പനി വന്നാൽ അത് എയ്ഡ്സാണോ?' രാജനു സംശയം.

''ശ്ശോ ഒരിക്കലുമല്ല. പനിവിട്ടുമാറാതെ ഒരു ചികിത്സയും ഫലിക്കാതെ വരികയും രക്തം പരിശോധിച്ച് എയ്ഡ്സ് ഉണ്ടെന്ന് ബോധ്യം വരുത്തുകയും ചെയ്താലേ എയ്ഡ്സ് രോഗമാകുകയുള്ളു. വയറി

ചുമവും-പനിയും ക്ഷയവും വരുന്നവരിൽ 99.9 ശതമാനം പേർക്കും എയ്ഡ്സ് ഉണ്ടാകത്തില്ല. രാജി പറഞ്ഞു.

'എയ്ഡ്സ്' എന്നു പറഞ്ഞാൽ എന്താണ്? എയ്ഡ്സ് എന്ന രോഗം ആദ്യമായി ആഫ്രിക്കയിലാണ് കണ്ടത്. അവിടുത്തെ കുരങ്ങുകളിൽ. പിന്നീടത് അമേരിക്കയിൽ കാണപ്പെട്ടു. ഇന്ന് നമ്മുടെ രാജ്യം ഏററവും മുൻപന്തിയിലാണ്. എയ്ഡ്സിനെക്കുറിച്ച് അറിയുകയാണ്. എയ്ഡ്സ് പകരാതിരിക്കാനുള്ള ഏററവും എളുപ്പ വഴി' രാജി നിർത്തി.

'എന്താണിവിടെ എല്ലാവരും കൂടി ഒരു ചർച്ച'' സ്കൂളിലെ കുട്ടികളെല്ലാവരും ഉണ്ടല്ലോ.

'അല്ല ഇതാര് റാവുത്തർ മാഷോ-വരൂ കുട്ടികൾക്ക് ടോമി പഠിച്ച ക്ലാസ്സിലെ ബെഞ്ചും ഡസ്ക്കും കത്തിച്ചതെന്തിനാണെന്നറിയണം ടോമിയെ സ്ക്കൂളിൽ പഠിപ്പിക്കാത്തത് എന്തിനാണെന്നറിയണം.- റാവുത്തർമാഷ് ഇവരുടെ സംശയങ്ങൾക്ക് മറുപടി പറയുവല്ലോ-അപ്പോഴേക്കും ഞാനെല്ലാവർക്കും ഒരു കട്ടൻ കാപ്പി എടുക്കാം.

# അദ്ധ്യായം 6

റാവുത്തർ മാഷ് അടുത്ത ഗ്രാമത്തിലെ സ്കൂളിൽ പഠിപ്പിക്കുന്നു. ഒരു സന്നദ്ധ സംഘടനാ പ്രവർത്തകനാണ്.നാട്ടിലെഎല്ലാകാര്യങ്ങൾക്കുംമുൻപന്തിയിലുണ്ട് ഗ്രാമത്തിലെ വായനശാലയുടെ സിക്രട്ടറി, ഉപഭോക്തൃ സമിതിയുടെ പ്രസിഡൻറ്, ഗ്രാമവികസന കമ്മററിയുടെ പ്രസിഡൻറ്, റോഡുകമ്മററി കൺവീനർ മുതലായ നിലകളിൽ പ്രവർത്തിക്കുന്നു.

'അല്ല മാഷേ. ടോമിയുടെകുടുംബത്തോട് ഇത്രയും

വെറുപ്പുണ്ടാകുവാൻ എന്താ മാഷേ കാരണം. 'നാരായണൻകുട്ടിയുടെ ചോദ്യം. അവൻ ഞങ്ങളുടെ സ്കൂളിലെ മിടുക്കൻ. ഗ്രാമത്തിലെല്ലാവർക്കും അവനോടു സ്നേഹമുണ്ട്. പിന്നെന്താണ് അവനെ സ്കൂളിൽ പഠിപ്പിക്കാത്തത്.'

കുട്ടികളായ നിങ്ങൾ ഇത്രയും അറിയുവാൻ ആഗ്രഹിച്ചത് എന്റെ ജോലി കുറച്ചിരിക്കുന്നു.' ഈ ഒരാഴ്ച ഗ്രാമത്തിലെ എല്ലാ വീട്ടിലും ''എയ്ഡ്സ്'' രോഗത്തെ കുറിച്ച് അറിവ് പകരുവാൻ ഞങ്ങൾ പ്ലാനിടുകയായിരുന്നു. നിങ്ങൾ വീടുകളിൽ പോയി അപ്പച്ചനെയും അമ്മച്ചിയെയും നിർബന്ധമായി സെമിനാറിൽ പറഞ്ഞയക്കണം'' റാവുത്തർ മാഷ് പറഞ്ഞു.

AIDS (എയ്ഡ്സ്) എന്നാൽ അക്വയർഡ് ഇമ്മ്യൂണോ ഡെഫിഷ്യൻസി സിൻഡ്രോം എന്ന ഇംഗ്ലീഷ് വാക്കിന്റെ ആദ്യാക്ഷരങ്ങളാണ്. ഒരു മനുഷ്യനിലെ രോഗപ്രതിരോധ ശക്തി നശിപ്പിക്കുകയാണ് എയ്ഡ്സ് വൈറസുകൾ ചെയ്യുന്നത്. ഈ വൈറസിനെ നശിപ്പിക്കാനുള്ള മരുന്ന് ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.'

AIDS രോഗം ഉണ്ടാകുന്നത്–സ്ത്രീ പുരുഷ ബന്ധത്തിലൂടെ ആകാം മയക്കുമരുന്നുകൾ കുത്തിവെക്കുന്നതിലൂടെ ആകാം. രക്തം സ്വീകരിക്കുമ്പോഴാകാം. ഇഞ്ചക്ഷൻ നൽകുമ്പോഴാകാം. എയ്ഡ്സ് രോഗമുള്ള അമ്മ കുഞ്ഞിന് മുലപ്പാൽ കൊടുക്കുമ്പോഴാകാം. ഉമ്മ നൽകുമ്പോഴാകാം ഈ കാരണങ്ങൾ വഴി അല്ലാതെ പകരില്ല.'' റാവുത്തർ മാഷ് പറഞ്ഞു.

'പിന്നെന്തിനാണ് ബെഞ്ചും ഡസ്കും കത്തിച്ചത്. ടോമിയെ സ്കൂളിൽ നിന്നും പുറത്താക്കിയത്'' രാജുവിന് സംശയം.

'ഇതെല്ലാം നമ്മുടെ സംശയം കൊണ്ടാണ്. അടുത്തിരുന്നതുകൊണ്ടോ, ഒരുമിച്ചു ഭക്ഷണം കഴിച്ചതുകൊണ്ടോ, രോഗി ഉപയോഗിച്ച വസ്ത്രങ്ങൾ ഉപയോഗിച്ച

തുകൊണ്ടോ, ഒരുമിച്ച് ഉറങ്ങിയതുകൊണ്ടോ രോഗം പകരില്ല. തന്നെയുമല്ല ടോമിക്ക് രോഗമില്ല. ടോമിയുടെ പപ്പക്കാണ് രോഗമുണ്ടായിരുന്നത്. ആയതിനാൽ ഇവരെ ഒരു പ്രശ്നവുമില്ല.

‘എന്തായി മക്കൾക്ക് സംശയം തീർന്നോ’ രാജി കാപ്പിയുമായെത്തി. എല്ലാവരും കട്ടൻകാപ്പിയും കുടിച്ച് വീട്ടിലേക്ക് മടങ്ങി. ടോമിയോട് ചെയ്തത് കടന്നകൈയായിപ്പോയി എല്ലാവർക്കും സങ്കടം.

# അദ്ധ്യായം 7

റാവുത്തർ മാഷുടെയും, ജോൺസൺ അച്ചന്റെയും സുകുമാരന്റെയും ഒരാഴ്ചത്തെ പരിശ്രമഫലമായി ഗ്രാമവാസികളെ ഒരുമിച്ചു കൂട്ടിയിരിക്കുകയാണ്. ജില്ലാമെഡിക്കൽ ഓഫീസർ ക്ലാസെടുക്കുവാൻ എത്തിയിരിക്കുന്നു.

‘‘എയ്ഡ്സ്’’ രോഗത്തെ കുറിച്ച് ജനങ്ങളെ അറിയിക്കുവാനുള്ള ക്ലാസ്സാണ്. സ്കൂൾ നിറയെ ആൾക്കാരുണ്ട്.

പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലാണ് സെമിനാർ ആരംഭിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് ഞെട്ടിപ്പിക്കുന്ന മറ്റൊരു വാർത്തയും കൂടി എല്ലാവരെയും അറിയിച്ചു. ടോമിയുടെ അമ്മയ്ക്കും–അവരുടെ എല്ലാം പ്രിയങ്കരിയായ ലില്ലിക്കും രോഗലക്ഷണങ്ങൾ കാണുവാൻ തുടങ്ങിയിരിക്കുന്നു. പരിശോധനയിൽ രോഗമുണ്ട് എന്നാൽ ടോമിക്കും റോണിമോൾക്കും രോഗമില്ലെന്നും സ്ഥിരീകരിച്ചിരിക്കുന്നു.

‘‘എയ്ഡ്സ്’’ എന്ന മാരക രോഗത്തിന്റെ ഭീകരത അ[illegible] പകരുന്നതു തടഞ്ഞില്ലെങ്കിൽ മനുഷ്യസമൂഹം ഒ

നാകെ നശിക്കും– ''എലിസ''എന്ന ടെസ്റ്റ് വഴിയാണ് രോഗം കണ്ടുപിടിക്കുന്നത് മുതലായ കാര്യങ്ങൾ മെഡിക്കൽ ഓഫീസർ അറിയിച്ചു.

''റോബർട്ടിന് രോഗം ഉണ്ടായത് മയക്കു മരുന്ന് ഉപയോഗിച്ചതു വഴിയാണ് എന്ന് അദ്ദേഹം പറഞ്ഞതായി ഡോക്ടർ വെളിപ്പെടുത്തി. അഞ്ചുവർഷങ്ങൾക്കു മുമ്പ് കൂട്ടുകാരുടെ കൂടെ ഒരു പ്രാവശ്യം മാത്രം മയക്കുമരുന്ന് കുത്തിവെച്ച് അനുഭൂതി അറിഞ്ഞിരുന്നു. മയക്കുമരുന്ന് ഉപയോഗിക്കുന്നവർ ഒരേ സിറിഞ്ചു തന്നെയാണ് ഉപയോഗിക്കുന്നത്. ഇതു വഴിയാണ് റോബർട്ടിന് അസുഖംഉണ്ടായത്. റോബർട്ട്സിന്റെ സുഹൃത്തുക്കളിൽ ആർക്കോ രോഗമുണ്ടായിരുന്നു.

അടുത്ത റോബർട്ട്സിന്റെ അവധിക്കാലത്ത് ആ രോഗം റോബർട്ട്സ് ഭാര്യക്കും നല്കി. പക്ഷെ കുട്ടികൾക്ക് ആ രോഗം ഉണ്ടായില്ല. രോജിയും റോണിയും രോഗമുണ്ടാകുന്നതിനു മുമ്പ് ജനിച്ചിരുന്നു. ഷൈലയുടെ മുലകുടിക്കുന്നതും നിറുത്തിയിരുന്നു.

''രോഗം വരാതിരിക്കാൻ എന്താണ് ചെയ്യേണ്ടത്'' ജോസഫ് ചേട്ടന് സംശയം.

''ദാമ്പത്യ ബന്ധം വിശ്വസ്തതയോടെ പാലിക്കുക'' എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നമ്മുടെ ആളുകൾ വിദേശങ്ങളിൽ പോകുമ്പോഴും, ദൂരയാത്ര പോകുമ്പോഴും മററ് സ്ത്രീകളുമായി ശാരീരിക ബന്ധത്തിൽ ഇടപെടാതിരിക്കുക'' ഡോക്ടർ പറഞ്ഞു.

ഞാൻ കഴിഞ്ഞ ആഴ്ച പനി ആശുപത്രിയിൽ ഒരു ഇൻജെക്ഷൻ എടുത്തു. എനിക്കും എയ്ഡ്സ് ഉണ്ടാകുമോ? മൈക്കുട്ടിക്കു സംശയം.

''ഇല്ല ഒരിക്കലുമില്ല എയ്ഡ്സ് രോഗമുള്ളവരെ കുത്തിവെച്ച സൂചികൊണ്ട് നമ്മളെയും കുത്തിവെച്ചാ

ലേ രോഗമുണ്ടാകൂ.'' ആയതിനാൽ ഇപ്പോൾ ഡിസ്പോസിബിൾ സിറിഞ്ചാണ് ഉപയോഗിക്കുന്നത്. ഒരു പ്രാവിശ്യം മാത്രം ഉപയോഗിച്ചശേഷം ആയത് നശിപ്പിക്കണം.

'സിറിഞ്ച് നശിപ്പിക്കുന്നോ ഇല്ലയോ എന്ന് എങ്ങിനെ അറിയാം.' ഏസ്തപ്പാൻ ചേട്ടന് സംശയം–കഴിഞ്ഞ മാസം പട്ടണത്തിലെ ആസ്പത്രിയിൽ സിറിഞ്ചു വാങ്ങി കൊടുത്തപ്പോൾ അതിലൊന്നിൽ ഏതോ മരുന്നിന്റെ കുറച്ചുഭാഗം കൂടി ഉണ്ടായിരുന്നു.'

ശരിയാണ്. ലാഭം മാത്രമാണ് നമ്മുടെ മുമ്പിൽ ആയതിനാൽ പലരും ഡിസ്പോസിബിൾ സിറിഞ്ച് വീണ്ടും വില്ക്കുന്നുണ്ട് ഇത് നമ്മൾ ശ്രദ്ധിക്കണം. കണ്ടാൽ ഉടനെ നടപടി എടുക്കണം കൂടാതെ മരുന്നു ഷോപ്പുകാരനും ഒരു മൂല്യബോധം ഉണ്ടാകണം. ആസ്പത്രിയിലും ആ മൂല്യബോധം ഉണ്ടായാൽ ഈ പ്രശ്നം പരിഹരിക്കാം' ഡോക്ടർ പറഞ്ഞു.

'കഴിഞ്ഞമാസം എന്റെ അനുജത്തി പ്രസവിച്ചപ്പോൾ സിസേറിയൻ ഓപ്പറേഷനായിരുന്നു. മൂന്നു കുപ്പി രക്തം കയറ്റി. ഈ രോഗത്തെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു.'' രത്നമ്മക്ക് സംശയം.

'രോഗിക്ക് രക്തം സ്വീകരിക്കുമ്പോൾ 'എയ്ഡ്സ്' ടെസ്റ്റ് നിർബന്ധമായും എടുക്കണം. പരിചയമുള്ളവരുടെ, വിശ്വാസമുള്ളവരുടെ രക്തം മാത്രമേ സ്വീകരിക്കാവൂ. അതും ടെസ്റ്റ് കഴിഞ്ഞ് മാത്രം. ഇതിനുള്ള സംവിധാനം നമ്മുടെ എല്ലാ വലിയ ആസ്പത്രികളിലുമുണ്ട്'.

'ഒരു രോഗം വന്നാൽ ഇപ്പോൾ അനവധി ടെസ്റ്റ് വേണം. പാവപ്പെട്ടവർക്ക് ഇതിനു വഴിയില്ലല്ലോ സർക്കാർ ഈ കാര്യത്തിൽ അടിയന്തരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഗോപാലകന്റെ അഭിപ്രായം.

'നമ്മുടെ രാജ്യം എയ്ഡ്സിന്റെ പിടിയിലേക്ക് അതിവേഗം വീണുകൊണ്ടിരിക്കുന്നു. ഇരുനൂറിൽ ഒരാൾക്ക് എയ്ഡ്സ് രോഗത്തിന്റെ ആരംഭം ഉണ്ടെന്ന് കണക്കുകൾ പറയുന്നു. എയ്ഡ്സ് രോഗമുണ്ടായാൽ ചിലർക്ക് പതിനെട്ടും ഇരുപതും വർഷം കഴിഞ്ഞേ രോഗലക്ഷണങ്ങൾ പുറത്തു വരൂ ഇത് ചികിത്സക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.' ഡോക്ടർ പറഞ്ഞു.

'അപ്പോൾ ആ കുട്ടികൾക്ക് എയ്ഡ്സ് രോഗമില്ല അല്ലേ.'

'ഇല്ല. എല്ലാ ടെസ്റ്റുകളിലും കുട്ടികൾക്ക് രോഗമില്ല എന്നാണ് കണ്ടിരിക്കുന്നത്'. ഡോക്ടർ പറഞ്ഞു.

ടോമിയും, റോൺസിമോളും ഈ ഗ്രാമത്തിന്റേതാണ് അവരെ ഇവിടുത്തെ സ്കൂളിൽ തന്നെ പഠിപ്പിക്കണം മറ്റൊരുസ്ഥലത്തും അവർക്ക് വേണ്ടത്ര സ്നേഹം ലഭിച്ചെന്ന് വരില്ല. അവരുടെ വല്യമ്മച്ചിയും തെറ്റൊന്നും ചെയ്തില്ല. ആ കുടുംബത്തോട് നമ്മൾ ശത്രുത പാടില്ല. റാവുത്തർ മാഷ് പറഞ്ഞു.

'പലർക്കും എതിരുണ്ടായിരുന്നെങ്കിലും ടോമിയുടെ ബന്ധുക്കളെ വിവരമറിയിക്കുവാൻ പഞ്ചായത്തു പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു. ഈ കമ്മറ്റി എയ്ഡ്സ് ബോധവല്ക്കരണത്തിനും നേതൃത്വം നല്കാനും തീരുമാനിച്ചു. സെമിനാറിനോടനുബന്ധിച്ച് ഫിലിം പ്രദർശനവും നടത്തി.

## അദ്ധ്യായം 8

എല്ലാവർക്കും സന്തോഷം—കുട്ടികൾ ഒരുമിച്ചു കൂടി ടോമിയെ ദുഃഖം അറിയിച്ചു. ടോമിയെ അവർ വെറുക്കില്ലെന്നറിയിച്ചു. റോൺസിമോൾക്കും കൂട്ടുകാരെ

Please make a small contribution to enable us to bring out many more such value education books. You can make an offering through the "Buy Now" link in the Website. Thank you.



ണ്ടപ്പോൾ സന്തോഷം. പപ്പയുടെയും മമ്മിയുടെയും മരണം എല്ലാവരുടെയും സ്നേഹക്കുറവ്-കൂട്ടുകാരുടെ സ്നേഹം. അവർക്ക് സന്തോഷമായി.

രേഖ പറഞ്ഞു:- രേമി- നമുക്ക് സ്കൂളിൽ ചെവിയി, മയക്കുമരുന്ന്, മദ്യപാനം ഇവയ്ക്കെതിരെ അതിന്റെ ദൂഷ്യഫലങ്ങൾ അറിയിക്കുന്നതിനു ചെറിയ സംഘടന ഉണ്ടാക്കാം. നമുക്ക് ഒരു മൂല്യബോധമുള്ള തലമുറയായി മാറാം. ഇനി ആർക്കും രേമിയുടെ അവസ്ഥ ഉണ്ടാകരുത്.

റാവുത്തർ മാഷും സുരേന്ദ്രനും നേതൃത്വം നല്കി മുതിർന്ന കുട്ടികളുടെയും യുവാക്കളുടെയും ഒരു കമ്മിററി ഉണ്ടാക്കി. എയ്ഡ്സ് രോഗം എന്താണെന്നും വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സംബന്ധിച്ചും സ്ക്വാഡുകളായി പ്രവർത്തിക്കാൻ തീരുമാനിച്ചു. അയൽ ഗ്രാമങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുവാനും അവർ തീരുമാനിച്ചു.

എയ്ഡ്സ് രോഗികൾ ആരെങ്കിലും ഉണ്ടായാൽ അവരെ ശുശ്രൂഷിക്കാനും അവർ മററാർക്കും രോഗം പകരാതിരിക്കാനും വേണ്ട ശ്രദ്ധ ചെലുത്താനും അവർ തീരുമാനിച്ചു. എയ്ഡ്സ് രോഗി സമൂഹത്തിന്റെ ദയ അർഹിക്കുന്നു. അവരെ ഉപേക്ഷിക്കുവാൻ പാടില്ല-അവർക്ക് വേണ്ട സഹായ സഹകരണങ്ങൾ നല്കുവാൻ യുവാക്കൾ കർമ്മോത്സുകരായി പ്രതിജ്ഞയെടുത്തു.

Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd.

Thomas John Palekkudy

# നോസർ-ഇന്ത്യ

നാഷണൽ ഓർഗനൈസേഷൻ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (NOCER-INDIA) 1992 മാർച്ച് 15 ന് ആരംഭിച്ചു 1993 സെപ്റ്റംബർ 29ന് S410/93 ആയി രജിസ്റ്റർ ചെയ്തു

കൺസ്യൂമർ പരിരക്ഷണ ക്ലബ്ബ്, കൺസ്യൂമർ, സ്റ്റുഡന്റ്സ് സെന്റർ, കൺസ്യൂമർ യൂത്ത് ക്ലബ്ബ്, ഉപഭോക്തൃ സമിതികൾ, നിയമപഠന കളരികൾ വഴിയാണ് പ്രവർത്തനം. ഇന്ത്യയുടെ എല്ലാ ഭാഗത്തും പ്രവർത്തനം നടത്തുന്നുണ്ട്. നോസർ-ഇന്ത്യ നേതൃത്വം നല്കി സമകാലിക പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും ആയത് പൊതു ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നു. കേരളത്തിൽ അമ്പത് Consumer Helpage Centers പ്രവർത്തനം ആരംഭിക്കുന്നു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വിവരങ്ങൾ അപ്പോഴപ്പോൾ അറിയിക്കുവാൻ കൺസ്യൂമർ ഇൻഫർമേഷൻ എക്സ്ചേഞ്ച് ക്ലബ്ബുകൾ രൂപീകരിച്ചിരിക്കുന്നു. HUMAN RIGHTS CELLS, മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

നിയമത്തെ കുറിച്ച് അറിവു നല്കുന്ന ക്ലാസ്സുകൾ, ജനപ്രതിനിധികളെ സംഘടിപ്പിക്കുക, നീതിമേളകൾ, ആരോഗ്യപരമായ അറിവുകൾ, പ്രസിദ്ധീകരണങ്ങൾ, മനുഷ്യാവകാശ സംരക്ഷണം എന്നിവയാണ്, പ്രവർത്തനങ്ങൾ. വെള്ളം, വൈദ്യുതി, എയ്ഡ്സ്, ടെലിഫോൺ, റേഷൻ കടകൾ മുതലായവയാണ് W-A-T-C-H-E-R. Road accident victims and family Helpage group കൾ പ്രവർത്തിക്കുന്നു.

നോസർ-ഇന്ത്യക്ക് ജാതി, മത, കക്ഷി, രാഷ്ട്രീയ ബന്ധങ്ങൾ ഇല്ല.

NOCER-INDIA യുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പരസ്പര സഹകരണത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

NOCER-INDIA, ക്ക് സാമ്പത്തിക സഹായം നല്കുന്നവർക്ക് Sec 80G പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

NOCER-INDIA
Payam P. O-670704

# കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം വില 2 രൂപ
2. വനിതകളും ഉപഭോക്തൃ സംരക്ഷണ നിയമവും വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? വില 5 രൂപ
4. പോലീസും ജനങ്ങളും വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ വില 5 രൂപ
8. ബാങ്കും ഉപഭോക്താവും വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികളും ഉൾപ്പെടെ വില 8 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ട കാര്യങ്ങൾ വില 2 രൂപ
12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ — രൂപീകരണവും പ്രസക്തിയും വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും വില 2 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) വില 3 രൂപ
15. അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? വില 5 രൂപ
16. ചികിത്സയും ഉപഭോക്താവും വില 3 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും വില 3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും വില 5 രൂപ
19. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും വില 5 രൂപ
20. ഉണരൂ! ഉപഭോക്താവേ! വില 1 രൂപ
21. ഇതാ നമ്മുടെ അവകാശങ്ങൾ വില 1 രൂപ
22. കവിതകൾ (നിയമം കുട്ടികൾക്ക്) വില 3 രൂപ
23. അംഗവികലരുടെ അവകാശങ്ങൾ വില 5 രൂപ
24. എയ്ഡ്സ് വില 5 രൂപ
25. പഞ്ചായത്തീരാജും-ഉപഭോക്താവും വില 5 രൂപ
26. ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും വില 10 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും വില 5 രൂപ
29. പൊതു താല്പര്യ വ്യവഹാരം വില 15 രൂപ
30. സംസ്ഥാന [ഉപഭോക്തൃസംരക്ഷണപ്രവർത്തകർക്കുള്ള ഗൈഡ്] 60 രൂപ
31. മാർച്ച് 15 വില 3 രൂപ
32. വാഹനാപകടം-നിങ്ങൾ എന്തു ചെയ്യണം? വില 3 രൂപ
33. നവംബർ 26 വില 5 രൂപ
34. മനുഷ്യാവകാശം വില 5 രൂപ
35. തപാൽ സർവീസുകളും ഉപഭോക്തൃ സംരക്ഷണനിയമവും വില [illegible] രൂപ
36. അപകടം വില 3 രൂപ
37. [illegible] വില 3 രൂപ

പണം മണിയോർഡറായി മുൻകൂർ അയയ്ക്കുക.

കോപ്പികൾക്ക്:

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ പായം 670704